I/54848/2022

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ:എം.അഞ്ജന ഐ.എ.എസ്)

ഉത്തരവ് നം. SJD/1673/2020-E1

തിരുവനന്തപുരം,
തീയതി. 06-08-2022

---

വിഷയം: സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം-സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1. 4/8/2022 ലെ SJD/1620/2022-E6 ഗസറ്റ് വിജ്ഞാപനം
2.സ.ഉ.(സാധാ) നം.142/2022/SJD തീയതി.30/5/2022

സാമൂഹ്യനീതി വകുപ്പിലെ കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന ആകെയുള്ള 18 സീനിയർ സൂപ്രണ്ട് തസ്തികയിൽ 4 ഒഴിവുകൾ നിലവിലുണ്ട്. സാമൂഹ്യനീതി വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരനായിരുന്ന ശ്രീ.കെ.ആർ.പ്രദീപന് ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിലേക്ക് പരാമർശം (2) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേനയും സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരായിരുന്ന മൂന്ന് ജീവനക്കാർ 31/5/2022-ൽ സേവനത്തിൽ നിന്നും വിരമിച്ചതു മുഖേനയുമാണ് ഈ 4 ഒഴിവുകൾ വകുപ്പിൽ നിലവിൽ വന്നിട്ടുള്ളത്. വകുപ്പിൽ നിലവിലുള്ള 4 സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകളിലേയ്ക്കും ലോവർ ഡി.പി.സി കൂടി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള പരാമർശം (1) സെലക്ട് ലിസ്റ്റിലെ 4 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദനീയമാണ്.

ഈ സാഹചര്യത്തിൽ, സീനിയർ സൂപ്രണ്ട് തസ്തികയിലെ നിലവിലുള്ള 4 ഒഴിവുകളിലേയ്ക്കും പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നം.1, 2, 3, 4 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ കെ.എസ് & എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ 51400-110300 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നല്കി അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീമതി. സിന്ധു. എം. പി<br>ജൂനിയർ സൂപ്രണ്ട് HG<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | സീനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>തിരുവനന്തപുരം |
| 2 | ശ്രീ. രംഗരാജ്. ബി<br>ജൂനിയർ സൂപ്രണ്ട് HG<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>ആലപ്പുഴ | സീനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>കോഴിക്കോട് |
| 3 | ശ്രീ. അബ്ദുള്ള. എം<br>ജൂനിയർ സൂപ്രണ്ട് HG<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>കോഴിക്കോട് | സീനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>കാസർഗോഡ് |
| 4 | ശ്രീ. ജോസ് ഫ്രാൻസിസ്<br>ജൂനിയർ സൂപ്രണ്ട് HG<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | സീനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>കൊല്ലം |

I/54848/2022

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതും ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ടും ആർ.ടി.സിയും കാര്യാലയ മേധാവികൾ അയച്ച തരേണ്ടതുമാണ്.

എം.അഞ്ജന.ഐ.എ.എസ്
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2. അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
3. ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക്
4. സൂപ്രണ്ട് എഫ് സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ സി.എ-യ്ക്ക്
6. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്